WISDOM YOUTH

ഈദ് സപ്ലിമെന്റ്

വിസ്ഡം യൂത്ത് ഈദ് സ്പെഷ്യൽ പതിപ്പ് 2020

(ഓൺലൈൻ വായനക്ക്
ടൈറ്റിലുകളിൽ ക്ലിക്ക് ചെയ്യുക)

ലോക് ഡൗണിനിടയിലെ ന്യൂനപക്ഷ പീഡനങ്ങൾ

ടി.കെ അശ്റഫ്
(ജന: സെക്രട്ടറി, വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ)

ആഘോഷങ്ങളുടെ അന്തസത്ത ഉൾക്കൊള്ളുക

ഹാരിസ് കായക്കൊടി
(പ്രസിഡണ്ട്, വിസ്ഡം യൂത്ത് വിംഗ്)

വിസ്ഡം യൂത്ത് സപ്ലിമെന്റിന് ബഹുമാന്യനായ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെയും പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തലയുടെയും ആശംസകൾ

ജനറൽ സെക്രട്ടറിയുടെ ഈദ് സന്ദേശം

(വീഡിയോ കാണാൻ ഇവിടെ ക്ലിക്ക് ചെയ്യുക)

നൂറ്റാണ്ടിലെ മഹാമാരിയിൽ ലോകം വിറങ്ങലിച്ചു നിൽക്കുമ്പോഴും ഇന്ദ്രപ്രസ്ഥത്തിന്റെ തെരുവീഥികളിൽ പകയുടെ കനൽ എരിഞ്ഞുകത്തുകയാണ്.
ഡൽഹിയിൽ നിന്നുള്ള റിപ്പോർട്ട്

കോവിഡ് കാലത്തും മുസ്‌ലിം വേട്ട തുടരുകയാണ്

ഫവാസ് മാവൂർ

ലോക് ഡൗൺ:
വിസ്ഡം യൂത്ത് കർമപഥങ്ങളിലൂടെ...

(വീഡിയോകൾ കാണാൻ ക്ലിക്ക് ചെയ്യുക)

ഈദുൽ ഫിത്വർ ആശംസകൾ

ആത്മ വിശുദ്ധിയുടെ മുഷ്ത് ദിനരാത്രങ്ങൾ പിന്നിട്ട് വ്രതാനുഷ്ഠാനത്തിലൂടെ ദൈവപ്രീതി കരസ്ഥമാക്കാൻ പ്രയത്നിച്ച വിശ്വാസി സമൂഹം ഈദുൽ ഫിത്വർ ആഘോഷിക്കുന്ന ഈ വേളയിൽ കോവിഡ് 19 എന്ന മഹാമാരിയെ പ്രതിരോധിക്കാൻ ഭരണകൂടങ്ങൾ നിർദേശിച്ച നിയന്ത്രണങ്ങൾ മാനിക്കാൻ വിശ്വാസികൾ പ്രതിജ്ഞാബദ്ധമാകണമെന്ന് വിസ്ഡം ഇസ്ലാമിക് യൂത്ത് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡൻറ് കെ.സി ഹാരിസ് മദനി കായക്കൊടി, ജനറൽ സെക്രട്ടറി കെ താജുദ്ദീൻ അഹമദ് സ്വലാഹി, ട്രഷറർ ഡോ. പി.എൻ ശബീൽ ഈദ് സന്ദേശത്തിലൂടെ ആവശ്യപ്പെട്ടു. കൂടിച്ചേരലുകളിലൂടെയും സന്ദർശനങ്ങളിലൂടെയും ഹൃദയങ്ങൾ പരസ്പരം കൈമാറേണ്ടിയിരുന്ന ഈ സുദിനത്തിൽ സാമൂഹികാകലം പാലിച്ച് മഹാമാരിയുടെ വ്യാപനത്തിൽ നിന്ന് രാജ്യത്തെ രക്ഷിക്കാൻ വിശ്വാസികൾ ശ്രദ്ധ പുലർത്തണം.

രോഗവ്യാപനം തടയാനുള്ള കരുതലിന്റ ഭാഗമായി ആരാധനാലയങ്ങൾ അടഞ്ഞ് കിടന്നപ്പോഴുണ്ടായ മനോവേദനയെ റമദാനിന്റെ പുണ്യദിനങ്ങളിലും അവസാന പത്തിലെ പുണ്യരാവുകളിലും ക്ഷമയോടെ അതിജയിച്ച വിശ്വാസികൾ പെരുന്നാൾ സുദിനത്തിലും ജാഗ്രതയിലാകണം.

ലോക് ഡൗണിലെ നിയന്ത്രങ്ങൾ പാലിച്ച് ഗൃഹാങ്കണത്തിൽ ഒതുങ്ങിയിരിക്കേണ്ടി വന്നപ്പോഴും യുവതയുടെ കർമ്മശേഷിയെ ലോകം അനുഭവിച്ചറിഞ്ഞതാണ്.

ആരോഗ്യ പ്രവർത്തകരായി, രക്ഷാപ്രവർത്തകരും കാവൽഭടൻമാരുമായി, സാമൂഹിക സന്നദ്ധ പ്രവർത്തകരായി, രോഗവ്യാപനത്തിനെതിരെയുള്ള ഉൽബോധകരായി, വിവരസാങ്കേതിക വിദ്യയുടെ സാധ്യതകളെ ഉപയോഗപ്പെടുത്തി രാജ്യരക്ഷാ പ്രവർത്തന സന്നദ്ധരായി, യാത്രാമാർഗമില്ലാതെ കിടക്കയിൽ വേദനകൾ കടിച്ചമർത്തിയ രോഗികൾക്ക് സ്നേഹസ്പർശമായി കടന്നു വന്ന് ഓൺലൈനിലൂടെ ചികിത്സാ നിർദേശങ്ങൾ നൽകിയിരുന്ന ഡോക്ടർമാരായി, മദ്യാസക്തിയിൽ വിഭ്രാന്തമായ മനസിനെ താളത്തിലേക്ക് ആനയിച്ച് വിറയുന്ന ശരീരങ്ങൾക്ക് സംതുലിതാവസ്ഥ നൽകിയ മനഃശാസ്ത്ര വിദഗ്ദരായി, ഉപജീവനം മുടങ്ങിയ കുടിലുകളിൽ ഭക്ഷണ കിറ്റുകൾ നൽകി നിരാലംബർക്ക് താങ്ങായി...

അതെ, വിസ്ഡം യൂത്ത് കർമ്മനിരതമായിരുന്നു. മഹാമാരിയുടെ സഞ്ചാരത്തിനിടയിലും ധാർമ്മിക യൗവനത്തിന്റ വിശ്രമമില്ലാതെയുള്ള നിസ്വാർത്ഥ സേവനം പുതുചരിതം രചിക്കും.

കോവിഡാന്തര സാമൂഹിക പുനർനിർമ്മിതിക്ക് അല്ലാഹുവിന്റെ ദിവ്യസന്ദേശമായ ക്വുർആനിന്റെയും പ്രവാചക ചര്യയുടെയും പ്രകാശത്താൽ വിസ്ഡം ഇസ്ലാമിക് യൂത്ത് ഓർഗനൈസേഷൻ അതിന്റെ മാർഗരേഖയിലൂടെ മുന്നേറുകയാണ്. കാലത്തിന്റെ ചുവരെഴുത്തുകളിൽ ദിവ്യ സന്ദേശത്തിന്റെ പ്രകാശധാരയുൾക്കൊണ്ട്...

ലോക് ഡൗണിനിടയിലെ ന്യൂനപക്ഷ പീഡനങ്ങൾ

ടി.കെ അശ്റഫ്

ലോകത്താകമാനമുള്ള കോടിക്കണക്കായ മനുഷ്യരെ ഭീതിയുടെ മുൾമുനയിൽ നിർത്തി കോവിഡ് വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. ചൈനയിലെ വുഹാനിൽ നിന്ന് തുടങ്ങിയ ഈ മാരക രോഗം എത്താത്ത ഭൂപ്രദേശങ്ങൾ ഇല്ല എന്ന് തന്നെ പറയാം. രോഗം പടരുന്നു എന്നതിനോടൊപ്പം രോഗ ഭീതി കാരണം രാജ്യം അങ്ങനെ തന്നെ അടച്ചിടേണ്ടി വരിക കൂടി ചെയ്തത് കനത്ത സാമ്പത്തിക പ്രതിസന്ധിയിലേക്ക് ലോകത്തെ തള്ളിയിട്ടുകൊണ്ടിരിക്കുന്നത്.

ഇന്ത്യയിൽ ഇതെത്താൻ അൽപം താമസിച്ചെങ്കിലും ഒരു ലക്ഷത്തിനടുത്ത് ആൾക്കാരെ ഇപ്പോൾ രോഗം ബാധിച്ചു കഴിഞ്ഞു. മുംബൈ, ഡൽഹി പോലുള്ള നഗരങ്ങളിൽ ആശങ്കപ്പെടുത്തുന്ന രീതിയിലാണ് രോഗത്തിന്റെ വ്യാപനം നടക്കുന്നത്. ഗവൺമെന്റും പ്രതിപക്ഷവും പൊതുസമൂഹവും ഒത്തു പിടിച്ച് പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കിയ കേരളത്തിൽ രോഗ വ്യാപനം പൊതുവെ കുറവാണ്. മാത്രമല്ല, രോഗം സുഖപ്പെട്ട് പുറത്ത് വരുന്നവരാണ് കൂടുതൽ എന്നത് നമുക്ക് ആശ്വാസം നൽകുന്ന കാര്യമാണ്.

രോഗവും ലോക്ഡൗണും മുതലാക്കുന്ന കേന്ദ്രസർക്കാർ

രോഗം മനുഷ്യന്റെ ശരീരത്തെയാണ് ബാധിക്കുന്നത്. മരുന്നുകളിലൂടെ അത് സുഖപ്പെടുത്താൻ കഴിഞ്ഞേക്കാം.എന്നാൽ നമ്മുടെ രാജ്യത്ത് കൊവിഡിനെക്കാൾ വേഗത്തിൽ വർഗീയതയെന്ന മറ്റൊരു മാരക വൈറസ് പടർത്താൻ ഭരണകൂടം ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. രാജ്യത്തെ ജനങ്ങളെ രണ്ടായി വിഭജിച്ച് NRC, CAA നിയമങ്ങൾ നടപ്പിലാക്കുകയും ഒരു പ്രത്യേക വിഭാഗത്തെ ഇന്ത്യയിൽ നിന്ന് പുറത്താക്കുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെ മുന്നോട്ട് പോവുകയും ചെയ്തുകൊണ്ടിരിക്കുന്നതിനിടയിലാണ് കോവിഡ് കടന്ന് വന്നത്. രാജ്യവ്യപകമായി ഇഅഅ വിരുദ്ധ സമരങ്ങൾ ജ്വലിച്ചുയർന്നു.വിദ്യാർഥികൾ മുതൽ വയോജനങ്ങൾ വരെ സമരത്തിൽ കണ്ണികളായി. ഭൂരിപക്ഷ സമുദായത്തിലെ മഹാഭൂരിപക്ഷവും ഈ നിയമത്തിന്റെ അപകടം മണത്തറിഞ്ഞ് സമരത്തിന്റെ നായകസ്ഥാനം ഏറ്റെടുത്തത് വർഗീയ ശക്തികളെ അമ്പരപ്പിച്ചു. വികാരത്തിന് പകരം വിവേകത്തിൽ ഊന്നി

നിന്നുകൊണ്ടായിരുന്നു സമരം ആസൂത്രണം ചെയ്ത് നടപ്പിലാക്കിയത്. ഡൽഹിയിലെ ഷഹീൻ ബാഗിൽ നിന്ന് തിരികൊളുത്തിയ സമരജ്വാല ലോകം മുഴുവൻ ഏറ്റെടുത്തു. ലോക രാഷ്ട്രങ്ങൾക്ക് മുന്നിൽ ഇന്ത്യയെ നാണം കെടുത്തിയ ഗവൺമെൻറ് ഒറ്റപ്പെട്ടു. ശക്തമായ പ്രതിഷേധങ്ങൾ തുടർന്ന് വന്നതോടെ താൽക്കാലികമായെങ്കിലും ഈ നിയമം നടപ്പിൽ വരുത്തില്ലെന്ന് പറയുന്ന തരത്തിലേക്ക് ഗവൺമെന്റിന് പിന്നോക്കം പോകേണ്ടി വന്നിരുന്നു. എങ്ങനെയും ഇതിൽ നിന്ന് തടിയൂരിയാൽ മതിയെന്ന അവസ്ഥയിലേക്ക് അവർ എത്തിപ്പെട്ടു.

എന്നാൽ വളരെ ആസൂത്രിതമായി ഡൽഹിയിൽ ഒരു വർഗീയ കശാപ്പ് നടന്നത് ഈ സമരങ്ങളെ ഇല്ലാതാക്കാൻ വേണ്ടിയായിരുന്നു. സ്ത്രീകളും കുട്ടികളും വൃദ്ധൻമാരുമൊക്കെ ആക്രമിക്കപ്പെട്ടു.നിരവധി പേർ കൊല്ലപ്പെടുകയും അതിലുമെത്രയോ പേർക്ക് പരിക്കേൽക്കുകയും ചെയ്തു. ജാമിഅ മില്ലിയ അടക്കമുള്ള കാമ്പസുകളിലും വർഗീയ ശക്തികൾ ആക്രമണം അഴിച്ചുവിട്ടു.

എന്നാൽ പിന്നീട് നടന്നത് അതിലും ക്രൂരമായ കാട്ടുനീതിയായിരുന്നു. ആക്രമിക്കപ്പെട്ടവർ പ്രതികളും അക്രമത്തിന് നേതൃത്വം നൽകിയവർ ഇരകളുമായി മാറി. സഹനസമരത്തിന് നേതൃത്വം കൊടുത്തവരക്കം ജയിലിൽ അടക്കപ്പെട്ടു. പരസ്യമായി കലാപത്തിനാഹ്വാനം നൽകിയവർ നിർഭയരായി പുറത്ത് വിലസുമ്പോൾ നിറവയറുമായി പ്രസവിക്കാൻ കാത്ത് നിൽക്കുന്ന ഗർഭിണികൾ, വിദ്യാർഥികൾ, വീട്ടമ്മമാർ തുടങ്ങി നിരവധി പേർ ജയിലിൽ ക്രൂരമായ നീതി നിഷേധത്തിന് വിധേയമായിക്കൊണ്ടിരിക്കുകയാണ്. എല്ലാവരും കൊവിഡ് നിർമാർജനത്തിൽ ശ്രദ്ധിച്ച സമയത്ത് ഫാഷിസ്റ്റുകൾ തങ്ങളുടെ ന്യൂനപക്ഷ വേട്ട തുടരുന്ന തിരക്കിലായിരുന്നു.

രണ്ട് ലക്ഷ്യമാണ് ഈ വേട്ടയിലൂടെ ഫാഷിസ്റ്റുകൾക്കുള്ളത്

1. CAA വിരുദ്ധ സമരം രാജ്യത്ത് ഉണ്ടാകരുത്. പോരാളികൾ പുറത്ത് ഉണ്ടാകാൻ പാടില്ല.

2. ഡൽഹി കലാപത്തിന്റെ ഉത്തരവാദികൾ ഇത്തരക്കാരാണെന്ന് പ്രചരിപ്പിക്കണം.

പ്രശ്നത്തെ അതിജീവിക്കാൻ സാധിക്കണം

1. CAA വിരുദ്ധ സമരകാലത്ത് കൂടെ ഉണ്ടായിരുന്ന മതേതര സ്വഭാവക്കാരായ രാഷ്ട്രീയ പാർട്ടികൾ, ചരിത്രകാരന്മാർ, വിദ്യാർഥികൾ തുടങ്ങിയവരുടെ ഐക്യനിര ഈ വർഗീയ വേട്ടക്കെതിരായ സമരത്തിലും ഉണ്ടാകണം. അവരെ കൂട്ടി യോജിപ്പിക്കണം.

2. സോഷ്യൽ മീഡിയ ഉപയോഗിച്ച് വർഗീയ വേട്ടക്കെതിരായ വികാരം ഉണ്ടാക്കണം

കോവിഡിന്റെ കാലത്ത് ഒന്നിച്ച് നിൽക്കേണ്ട ഗവൺമെന്റ് അത് ചെയ്യാതെ വർഗീയ വേട്ട നടത്തുന്നത് ശരിയല്ല എന്ന രീതിയിലുള്ള പ്രചാരണം നടത്തണം.

ആശംസകൾ



കേരള സർക്കാർ
പിണറായി വിജയൻ
മുഖ്യമന്ത്രി

നം.402/പ്രസ്/സി.എം.ഒ/2020 മെയ് 14, 2020.

സന്ദേശം

വിസ്ഡം ഇസ്ലാമിക് യൂത്ത് ഓർഗനൈസേഷൻ ചെറിയ പെരുന്നാളിന് പുറത്തിറക്കുന്ന സപ്ലിമെന്റിന് ആശംസകൾ നേരുന്നു.

പിണറായി വിജയൻ

രമേശ് ചെന്നിത്തല
പ്രതിപക്ഷ നേതാവ്

14.5.2020

സന്ദേശം

വിസ്ഡം ഇസ്ലാമിക് യൂത്ത് ഓർഗനൈസേഷൻ പുറത്തിറക്കുന്ന പെരുന്നാൾ സപ്ലിമെന്റിന് എല്ലാവിധ ആശംസകളും നേരുന്നു.

കോവിഡ് 19 -ന്റെ പ്രതിരോധത്തിനായി പ്രഖ്യാപിച്ച ലോക്ഡൗൺ പരിപൂർണമായി പാലിച്ചുകൊണ്ടുള്ള ത്യാഗനിർഭരമായ ഈ റമസാനിലെ ആരാധനകളാൽ ജീവിതം ധന്യമാക്കിയ വിശ്വാസികൾ ഒരു വലിയ മാതൃകയാണ്.

ആരാധനാലയങ്ങൾ അടച്ചുകൊണ്ട് പോലും സാമൂഹികാകലം പാലിച്ച് രോഗവ്യാപനത്തിൽനിന്ന് സമൂഹത്തെയും രാജ്യത്തെയും രക്ഷപ്പെടുത്താനുള്ള വിശ്വാസിസമൂഹത്തിന്റെ പ്രതിബദ്ധത ആദരിക്കപ്പെടേണ്ടത് തന്നെ!

കൊറോണയുടെ മറവിൽ ന്യൂനപക്ഷ വേട്ടയ്ക്കിറങ്ങിയ ഫാഷിസ്റ്റുകളുടെ കരാളഹസ്തങ്ങളിൽനിന്ന് രാജ്യത്തെ രക്ഷിക്കാനായി മതേതരസമൂഹത്തിന്റെ മനസിനെ തൊട്ടുണർത്താനുള്ള നിമിത്തമാകട്ടെ ഈ പെരുന്നാൾ എന്ന് ആശംസിക്കുന്നു.

രമേശ് ചെന്നിത്തല

വിസ്ഡം യൂത്ത് സപ്ലിമെന്റിന് ബഹുമാന്യരായ കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെയും പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തലയുടെയും ആശംസകൾ

ആഘോഷങ്ങളുടെ അന്തസത്ത ഉൾക്കൊള്ളുക

കെ.സി ഹാരിസ് കായക്കൊടി

ഇസ്‌ലാം അനാഥകളുടെയും അഗതികളുടെയും അടിമകളുടെയും അധഃസ്ഥിതരുടയും ഒപ്പം നിന്ന മതമാണ്. വേദനയനുഭവിക്കുന്നവനോട് ഒരു വിശ്വാസി സ്വീകരിക്കേണ്ട അലിവിന്റെയും ആർദ്രതയുടെയും സമീപനങ്ങൾ മതത്തിന്റെ ഓരോ നിയമത്തിലും നമുക്ക് ദർശിക്കാനാകും. ഖുർആൻ പറയുന്നു: 'നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും അവനോട് യാതൊന്നും പങ്കുചേർക്കാതിരിക്കുകയും മാതാപിതാക്കളോട് നല്ല നിലയിൽ വർത്തിക്കുകയും ചെയ്യുക. ബന്ധുക്കളോടും അനാഥകളോടും പാവങ്ങളോടും കുടുംബബന്ധമുള്ള അയൽക്കാരോടും അന്യരായ അയൽക്കാരോടും സഹവാസിയോടും വഴിപോക്കനോടും നിങ്ങളുടെ വലതുകൈകൾ ഉടമപ്പെടുത്തിയ അടിമകളോടും നല്ലനിലയിൽ വർത്തിക്കുക" (ഖുർആൻ 4:36)

ഇസ്‌ലാമിലെ ആഘോഷങ്ങളിലും സഹാനുഭൂതിയുടെ നനവുള്ള ആരാധനാമുറകളാണുള്ളത്. സകാത്തുൽ ഫിത്വ്ർ അർഹരുടെ വീടുകളിലെത്തിച്ചതിന് ശേഷമാണ് ഓരോ വിശ്വാസിയും ഈദ് മുസ്വല്ലയിലെത്തേണ്ടത്. കുട്ടികളും സ്ത്രീകളും പുരുഷന്മാരുമടക്കം എല്ലാവരും മൈതാനത്ത് ഒരുമിച്ചു കൂടി സന്തോഷത്തിൽ പങ്ക് ചേർന്ന് പരസ്പരം ആശ്ലേഷിച്ച് പിരിയുമ്പോൾ വിഷമതകൾ അനുഭവിക്കുന്നവന്റെ ഉള്ളിലെ വേദനകൾ അലിഞ്ഞ് ഇല്ലാതാകയാണ്. ഈദ് സുദിനത്തിൽ കൂടുതൽ ആളുകളുമായി സഹവസിക്കുവാനും രോഗികള സന്ദർശിക്കുവാനും ബന്ധങ്ങൾ പുതുക്കുവാനും മതം ഉദ്ഘോഷിക്കുമ്പോൾ മനസ്സറിഞ്ഞ് സന്തോഷിക്കുവാൻ വകയില്ലാത്തവന് നൽകുന്ന ഏറ്റവും വലിയ എംപതിയും പിന്തുണയുമാണത്.

പക്ഷേ, കോവിഡ് കാലത്തെ ഈദ് ആഘോഷ വേളയിൽ നമുക്ക് പലതും നഷ്ടമാകുന്നുണ്ട്. എങ്കിലും, പെരുന്നാൾ ദിവസത്തെ ആരാധകളുടെയും നന്മകളുടെയും അന്തസ്സത്തയെ ഉൾക്കൊണ്ടുകൊണ്ട് ഈ പെരുന്നാൾ കൊണ്ടാടുവാൻ നമുക്ക് സാധിക്കും.

ശവ്വാലമ്പിളി ദൃശ്യമായതു മുതൽ തക്ബീർധ്വനികളുയർത്തി പ്രപഞ്ച നാഥനെ വാഴ്ത്തിക്കൊണ്ടിരിക്കണം. നമസ്കാരത്തിന് മുമ്പ് സകാത്തുൽ ഫിത്വ്ർ അർഹരുടെ വീടുകളിലെത്തി എന്നുറപ്പാക്കണം. കുടുംബത്തോടൊപ്പം വീടിനുള്ളിൽ ഈദ് നമസ്കാരം നിർവഹിക്കുകയും വേണം.

നമ്മുടെ പ്രാർഥനകളിൽ നാം ഓർക്കേണ്ട ധാരാളം ആളുകൾ ലോകത്തുണ്ട്.

കൊറോണ ബാധിതരുടെ എണ്ണം അരക്കോടി കവിഞ്ഞിരിക്കുന്നു. മരണ സംഖ്യ 3 ലക്ഷവും പിന്നിട്ടു കഴിഞ്ഞു. മനുഷ്യരാശിയെ ബാധിച്ച ഈ മഹാ വിപത്തിൽ നിന്ന് വേഗത്തിൽ മോചനമുണ്ടാകാൻ ആത്മാർഥമായ പ്രാർഥനകളുയരേണ്ട സമയമാണിത് എന്ന് നാം മറന്നു പോകരുത്. സംസ്ഥാനത്തിന് പുറത്തും രാജ്യത്തിന് പുറത്തും ജോലി ചെയ്യുന്നവർ വലിയ ആശങ്കയിലാണ്. നമ്മുടെ ആശ്വാസ വാക്കുകളും പ്രാർഥനകളും അവർക്ക് നൽകുന്ന സമാധാനം വളരെ വലുതാണ്. നാഥനിലേക്ക് കൈകൾ ഉയർന്നുകൊണ്ടേയിരിക്കട്ടെ.

ക്വാറന്റൈനിലും ഐസോലേഷനിലും കഴിയുന്നവരുടെ മാനസിക സംഘർഷങ്ങൾ നമുക്ക് ഉൾകൊള്ളാൻ കഴിയണം. അവർക്ക് ആശ്വാസ വാക്കുകൾ പകർന്നു നൽകുവാനും അവർക്ക് വേണ്ടി പ്രാർഥിക്കുവാനും നാം സമയം കണ്ടെത്തണം.

ഡൽഹിയിലെ ഭരണകൂട ഭീകരതയുടെ വാർത്തകളും ദീർഘ ദൂരം വെള്ളവും ഭക്ഷണവുമില്ലാതെ കാൽ നടയായി യാത്ര ചെയ്യുന്ന കുടിയേറ്റ തൊഴിലാളി കുടുംബങ്ങളുടെ ചിത്രങ്ങളും നമ്മുടെ മനസ്സിനെ എത്രമേൽ അസ്വസ്ഥമാക്കുന്നു! പ്രാർഥനയാണ് ഏറ്റവും വലിയ പരിഹാമെന്ന് നാം ഓർക്കുമല്ലോ. സന്ദർശിക്കാൻ കഴിയാത്ത കുടുംബങ്ങളെയും രോഗികളെയും ഫോണിലൂടെയും മറ്റും ബന്ധപ്പെട്ട് ആശംസകളും പ്രാർഥനകളും കൈമാറാൻ നമുക്ക് സാധിക്കേണ്ടതുണ്ട്.

നിരവധി പരിമിതികൾക്കിടയിലെ ഈ പെരുന്നാൾ സുദിനത്തിൽ പീസ് റേഡിയോ ഉൾപ്പെടെയുള്ള നമ്മുടെ സംവിധാനങ്ങളൊരുക്കുന്ന വൈവിധ്യമാർന്ന വൈജ്ഞാനിക പരിപാടികൾ വീടുകളിൽ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ നാമോരുരത്തരും ശ്രദ്ധിക്കുക. അല്ലാഹു അനുഗ്രഹിക്കട്ടെ. എല്ലാവർക്കും ഈദുൽ ഫിത്വ്ർ ആശംസകൾ.

കോവിഡ് കാലത്തും മുസ്‌ലിം വേട്ട തുടരുകയാണ്

ഫവാസ് മാവൂർ

നൂറ്റാണ്ടിലെ മഹാമാരിയിൽ ലോകം വിറങ്ങലിച്ചു നിൽക്കുമ്പോഴും ഇന്ദ്രപ്രസ്ഥത്തിന്റെ തെരുവീഥികളിൽ പകയുടെ കനൽ എരിഞ്ഞുകത്തുകയാണ്. ഡൽഹിയിൽ നിന്നുള്ള റിപ്പോർട്ട്.

ലോകം മുഴുവൻ കോവിഡ് മഹാമാരിയെ നേരിടുമ്പോഴും ബിജെപി ഭരണകൂടം വർഗീയ അജണ്ട നടപ്പിലാക്കി കൊണ്ടിരിക്കുകയാണ്. ലോക്ഡൗണിന്റെ മറവിൽ ഫാസിസ്റ്റുകൾ തങ്ങളുടെ അധികാരമുപയോഗിച്ച് പൗരത്വ ഭേദഗതി നിയമത്തിനെതിരെ സമരം ചെയ്തവരെയെല്ലാം വേട്ടയാടുന്നു, സോഷ്യൽ ഡിസ്റ്റൻസിങ്ങിന്റെ പേരിൽ ആളൊഴിഞ്ഞ സമരപ്പന്തലുകളെല്ലാം തച്ചുതകർക്കുന്നു, ഇരുട്ടിന്റെ മറവിൽ പ്രതിഷേധ ചുമർചിത്രങ്ങളും പെയിന്റിങ്ങുകളുമെല്ലാം മായ്ക്കപ്പെടുന്നു. 2014 മുതൽ തുടങ്ങിയ ഫാസിസ്റ്റ് ഭരണകൂട ഭീകരതക്ക് ഈ പ്രതിസന്ധി കാലത്തും കുറവില്ലന്ന് മാത്രമെ ഇവിടെ നാം കരുതേണ്ടതുള്ളൂ.

ഫെബ്രുവരി അവസാനവാരം സംഘപരിവാർ ഗുണ്ടകൾ അഴിഞ്ഞാടിയ ഡൽഹി 'കലാപ'ത്തിന്റെ ഗൂഢാലോചകരെന്ന് ആരോപിച്ചാണ് സിഎഎ, എൻ ആർസി വിരുദ്ധ സമരങ്ങളുടെ ചാലകശക്തികളായ മുൻനിരയിലെ വിദ്യാർത്ഥികളെയും ആക്ടിവിസ്റ്റുകളെയും വേട്ടയാടുന്നത്. വംശഹത്യയെന്ന് പേരിട്ട് വിളിക്കാവുന്ന, ഒരു സമുദായത്തെ ലക്ഷ്യം വെച്ച് നടത്തിയ കലാപം. മുസ്‌ലിം വീടുകൾ പ്രത്യേകം അടയാളപ്പെട്ടു, മസ്ജിദുകൾ തകർക്കപ്പെട്ടു, പരിശുദ്ധ ഖുർആൻ പ്രതികൾ ചുട്ടെരിക്കപ്പെട്ടു, മുസ്‌ലിം വ്യാപാരികളുടെ കടകൾ മുഴുവനും കൊള്ളയടിച്ചു നശിപ്പിക്കപ്പെട്ടു, എന്നിട്ടും സ്വയം രക്ഷക്ക് നിസ്സഹായരായ സമയത്ത് പ്രതിരോധിച്ച് പരുക്കേറ്റ ഇരകളെയും അവരുടെ കുടുംബങ്ങളെയുമായിരുന്നു ഭരണകൂടത്തിന് വേണ്ടിയിരുന്നത്. വംശഹത്യയുടെ അലയൊലികൾ കെട്ടടങ്ങിയ നാൾ മുതൽക്കേ ഇരകളെ പ്രതികളാക്കുന്ന സമീപനമായിരുന്നു അധികാരികൾ സ്വീകരിച്ചിരുന്നത്, പ്രദേശത്ത് കണ്ണിൽ കാണുന്ന മുസ്‌ലിം ചെറുപ്പക്കാരെയെല്ലാം വേട്ടയാടിപ്പിടിച്ച് അറസ്റ്റ് ചെയ്തു കൊണ്ടു പോകുന്ന രംഗമായിരുന്നു നാം കണ്ടിരുന്നത്, അതിന്റെ ഒടുവിലെ ചില ഉദാഹരണ

ങ്ങൾക്കാണ് ഈ മെഡിക്കൽ എമർജൻസിയുടെ കാലത്തും നാം സാക്ഷിയാകുന്നത്.

പരസ്യമായി നിറയൊഴിക്കാൻ പറഞ്ഞത് ഒരു കേന്ദ്ര മന്ത്രിയാണ്. കലാപം ആളിക്കത്തുമ്പോഴും കർഫ്യൂ പ്രഖ്യാപിക്കാതെ ആ വേശം നൽകിയത് ഒരു എംപിയായിരുന്നു. താക്കൂറും കപിൽ മിശ്രയും ചുരുങ്ങിയത് കരുതൽ തടങ്കലിൽ പോലും വെക്കപ്പെടാതെ പോകുന്നതാണ് ഭരണകൂട നിയമ സംവിധാനങ്ങളിലെ ആശയും പ്രതീക്ഷയും നശിപ്പിക്കുന്നത്. കപിൽ മിശ്രയെപ്പോലെയുള്ളവർ പ്രതിചേർക്കപ്പെട്ട വിദ്യാർഥി നേതാക്കളെ സാമൂഹ്യ മാധ്യമങ്ങളിലൂടെ അപകീർത്തിപെടുത്തുമ്പോഴും അധികാരികൾ അവഗണനയോടെ കണ്ണടക്കുകയാണ്. ഉത്തര കിഴക്ക് ഡൽഹിയിലെ വംശഹത്യ ആക്രമണങ്ങളിൽ നിരാലംപബരായ, വിധവകളായ, ജീവതമാർഗത്തിന് ഗതിമുട്ടിയ, പ്രതീക്ഷയറ്റ് കഴിയുന്ന കുടുംബങ്ങൾക്ക് സ്നേഹസ്പർശമായി സഹായ ഹസ്തവുമായി കടന്നുചെന്ന വിദ്യാർഥികളെയും സന്നദ്ധ പ്രവർത്തകരെയുമാണ് ഭരണകൂടത്തിന് ഇപ്പോൾ ആവശ്യം. ഭരണഘടന നൽകുന്ന അവകാശങ്ങൾക്ക് വേണ്ടി മതേതര മൂല്യങ്ങൾ മുറുകെപ്പിടിച്ച് പ്രതിഷേധമുയർത്തിയ ഇവരെയാണ് ഭരണകൂടം പ്രതിചാർത്തി തുറങ്കിലടച്ചിരിക്കുന്നത്. കലാപത്തിന് ആഹ്വാനം നടത്തിയവർ ഇപ്പോഴും യാതൊരു പ്രശ്നവുമില്ലാതെ തങ്ങളുടെ ഒളിയജണ്ടകൾ നടപ്പാക്കുന്നതാണ് ഇവിടെ ഏറ്റവും വലിയ വിരോധാഭാസം.

ഭരണകൂടത്തിന്റെ മുസ്‌ലിം വേട്ടക്കെതിരെ പ്രതികരിച്ചതും അറബ് ലോകത്തുനിന്നുള്ള ഐക്യദാർഢ്യത്തിന് നന്ദി അറിയിച്ച് ട്വീറ്റ് ചെയ്തതുമാണ് പ്രശസ്ത എഴുത്തുകാരനും ചിന്തകനും ഡൽഹി മുസ്‌ലിം ന്യൂനപക്ഷ കമ്മീഷൻ ചെയർമാനുമായ സഫറുൽ ഇസ്‌ലാം ഖാൻ ചെയ്ത 'രാജ്യദ്രോഹ'കുറ്റം

ഡൽഹിയിലെ പൗരത്വ നിയമ വിരുദ്ധ പ്രക്ഷോഭങ്ങളും സമരങ്ങളും തുടക്കം മുതലേ സമാധാന അന്തരീക്ഷം നിലനിർത്തിയിരുന്നു. ലോക ശ്രദ്ധ നേടിയ ശഹീൻ ബാഗ് സമരവും ജാമിഅ, ജെഎൻയു സമരങ്ങളുമെല്ലാം ജനാധിപത്യ രീതിയിൽ വളരെ ശാന്തമായാണ് സംഘടിപ്പിക്കപ്പെട്ടിരുന്നത്. രാഷ്ട്രപിതാവ് ഗാന്ധിജി കൊല്ലപ്പെട്ട ദിനത്തിൽ ജാമിഅ വിദ്യാർഥികൾ സംഘടിപ്പിച്ച പീസ്ഫുൾ മാർച്ചിൽ പരസ്യമായി നിറഴൊയിച്ച് പ്രകോപനമുണ്ടാക്കാൻ സംഘപരിവാറുകാരൻ ശ്രമിച്ചപ്പോഴും വിദ്യാർഥികൾ സംയനമനം പാലിച്ച് പ്രതിഷേധം കനപ്പിക്കുക മാത്രമായിരുന്നു ചെയ്തത്.

ഷഹീൻ ബാഗ് സമരത്തിന്റെ തുടക്കക്കാരിൽ ഒരാളായിരുന്നു ജെഎൻ യു ഗവേഷണ വിദ്യാർഥിയും അക്കാഡമിക്കുമായ ഷർജീൽ ഇമാം. മുഖ്യ ആസൂത്രകൻ എന്ന് തന്നെ പറയാം. സി.എ.എ വിരുദ്ധ സമരങ്ങൾ രാജ്യത്ത് ശക്തിപ്പെടുത്താൻ ആഹ്വാനം ചെയ്തതിന്റെ

പേരിലാണ് രാജ്യദ്രോഹ കുറ്റവും യുഎപിഎ പോലെയുള്ള കരിനിയമവും ചാർത്തി ഷർജീൽ ഇമാമിനെ തുറങ്കിലിലടച്ചത്. മുസ്‌ലിം വേട്ടയുടെ അവസാനത്തെ വേർഷനിലെ ആദ്യ കണ്ണിയാണ് ഷർജീൽ ഇമാം.

സി.എ.എ വിരുദ്ധ സമരങ്ങളിൽ ശ്രദ്ധേയമായ ജാമിഅ സമരത്തിന്റെ മുൻനിരയിലുണ്ടായവരാണ് കോവിഡ് കാലത്ത് അറസ്റ്റ് ചെയ്യപ്പെട്ട മീരാൻ ഹൈദറും സഫൂറ സർഗാറും. നാല് മാസം ഗർഭിണിയാണ് സഫൂറ സർഗാർ, കശ്മീരി മുസ്‌ലിം വിദ്യാർഥിനി, ആക്ടിവിസ്റ്റ്. കോവിഡ് 19 വ്യാപനം കാരണം കഴിഞ്ഞ മാസം ധാരാളം പേർ ജയിൽ മോചിതരായപ്പോഴും ഗർഭിണിയായ സഫൂറക്ക് യാതൊരു പരിഗണനയും നൽകപ്പെട്ടില്ല. ഈ റമദാൻ മാസം വ്രതമെടുത്ത് തീഹാർ ജയിലിൽ ഏകാന്ത വാസം നയിക്കുകയാണ് സഫൂറ സർഗാർ. ഗർഭിണിയായ ഈ സ്ത്രീയോട് എത്രമാത്രം മനുഷ്യത്വരഹിതമായ സമീപനമാണ് അധികാരികൾ സ്വീകരിക്കുന്നത്. സഫൂറക്കും മീരാൻ ഹൈദറിനും എതിരെ കലാപവും കൊലപാതക കുറ്റവുമാണ് ചുമത്തിയിരിക്കുന്നത്, ചെയ്തതാകട്ടെ ഭരണഘടനാ സ്വാതന്ത്ര്യമനുസരിച്ചുള്ള സമരങ്ങൾക്ക് നേതൃത്വം കൊടുത്തത് മാത്രം. പരസ്യമായി വിദ്വേഷ പ്രസംഗം നടത്തിയവർക്കെതിരെ ഒരു കേസുമെടുക്കാതെ എത്ര ലാഘവത്തോടെയാണ് ഭരണകൂടം മുസ്‌ലിം വിദ്യാർഥികളെ വേട്ടയാടുന്നത്.



ഡൽഹി ജഫ്രാബാദിലെ ഷഹീൻ ബാഗ് സ്കയറിന് നേതൃത്വം നൽകിയതാണ് ഗുലിഫ്ഷാ ഫാത്തിമക്ക് എതിരെയുള്ള കുറ്റം. ഏപ്രിൽ 9ന് ഡൽഹി പോലീസ് അറസ്റ്റ് ചെയ്ത് തീഹാർ ജയിലിലടച്ചു, പിന്നീട് യുഎപിഎ ചുമത്തുകയും ചെയ്തു. ഗുൽഷിഫക്ക് തൽകാലിക ജാമ്യം മാത്രമാണ് ഇപ്പോൾ ലഭിച്ചിരിക്കുന്നത്. ഡൽഹി പോലീസ് യുഎപിഎ ചുമത്തിയ മറ്റൊരു വ്യക്തിയാണ് പ്രമുഖ വിദ്യാർഥി രാഷ്ട്രീയ നേതാവ് ഉമർ ഖാലിദ്. സംഘപരിവാര രാഷ്ട്രീയത്തോട് പോരാടിയതിനും ഷഹീൻ ബാഗ് ജാമിഅ സമരങ്ങളോട് ചേർന്ന് നിന്നതിനുമാണ് ഉമർ ഖാലിദിന് യുഎപിഎ ചുമത്തപ്പെട്ടത്.

ഏപ്രിൽ 26ന് പോലീസ് തടവറയിലാക്കിയ വ്യക്തിയാണ് ജാമിഅ അലുംനി അസോസിയേഷൻ പ്രസിഡണ്ട് ഷിഫാഉർറഹ്മാൻ. കഴിഞ്ഞ ഡിസംബർ 15ന് ജാമിഅയിൽ ഡൽഹി പോലീസ് നടത്തിയ നരനായാട്ട് ചോദ്യം ചെയ്ത് കോടതിയെ സമീപിച്ചതിനാണ് ഷിഫാ-ഉർ- റഹ്മാൻ പ്രധാനമായും വേട്ടയാടപ്പെടുന്നത്. സമരപന്തലുകൾ തകർക്കാൻ ശ്രമിച്ച പോലീസിനെ തടഞ്ഞതും ചോദ്യം ചെയ്ത

തുമാണ് ഖാലിദ് സൈഫിയും പ്രമുഖ കശ്മീരീ മാധ്യമ പ്രവർത്തക ഇഷറത്ത് ജഹാനെയും പോലീസ് ഈ കോവിഡ് കാലത്ത് അറസ്റ്റ് ചെയ്തത്.

ജെഎൻയു മണിപ്പൂരി ഗവേഷക വിദ്യാർഥി ചെങ്കീസ് ഖാൻ, മൗലാന ത്വാഹിർ മദനി, ഡോ. കഫീൽ ഖാൻ... ലിസ്റ്റ് അങ്ങനെ നീളുകയാണ്. പ്രശസ്ത എഴുത്തുകാരനും ചിന്തകനും ഡൽഹി മുസ്‌ലിം ന്യൂനപക്ഷ കമ്മീഷൻ ചെയർമാനുമായ സഫറുൽ ഇസ്‌ലാം ഖാനെതിരെ രാജ്യദ്രോഹ കുറ്റം ചുമത്തുന്നതാണ് അവസാനമായി നാം കണ്ടത്.

ഭരണകൂടത്തിന്റെ മുസ്‌ലിം വേട്ടക്കെതിരെ പ്രതികരിച്ചതും അറബ് ലോകത്തുനിന്നുള്ള ഐക്യദാർഢ്യത്തിന് നന്ദി അറിയിച്ച് ട്വീറ്റ് ചെയ്തതുമാണ് സഫറുൽ ഇസ്‌ലാം ഖാൻ ചെയ്ത 'രാജ്യദ്രോഹ'കുറ്റം.

ഈ കോവിഡ് 19 കാലത്ത് തന്നെ നടന്ന തബ്‌ലീഗ് ജമാഅത്തിനെതിരെയുണ്ടായ വംശീയ വിദ്വേഷ പ്രചാരണങ്ങളും ഈ സമയത്ത് നാം ചേർത്തുവായിക്കേണ്ടതുണ്ട്. ഇസ്‌ലാമോഫോബിയയും വെറുപ്പും വിദ്വേഷവും ഒരുപറ്റം ആളുകളിൽ വല്ലാതെ കുത്തിനിറക്കപ്പെട്ടിരിക്കുന്നു. അതുതന്നെയാണ് കോവിഡ് ജിഹാദ് എന്ന് വിളിച്ച വർഗീയ ചിന്താഗതിക്കാരും സൈബർ ഇടങ്ങളിൽ സഫൂറ സർഗാറിനെയും ഷഹീൻ ബാഗ് സ്ത്രീകളെയും ലൈഗികമായി അധിക്ഷേപിച്ചതുമൊക്കെ നമുക്ക് ബോധ്യമാക്കിത്തരുന്നത്.

എതിർശബ്ദങ്ങളെ അധികാരവും സ്വാധീനവുമുപയോഗിച്ച് തളർത്താനുള്ള ശ്രമമാണ് സംഘപരിവാരം തുടർച്ചയായി ശ്രമിച്ചുകൊണ്ടിരിക്കുന്നത്. മൗലികവകാശങ്ങൾക്കൊക്കെ വിലങ്ങിടാനും ജനാധിപത്യ മതേതരത്വ മൂല്യങ്ങളെ തച്ചുടക്കാനും ഇല്ലാതാക്കാനുമുള്ള സ്ഥാപിത താൽപര്യങ്ങൾക്ക് വിത്ത് പാകുകയാണ് ഫാസിസ്റ്റ് ശക്തികൾ ഈ വേട്ടകൊണ്ട് ആഗ്രഹിക്കുന്നത്. കോവിഡ് പ്രതിരോധത്തിനായി പ്രഖ്യാപിച്ച ലോക്ഡൗൺ സമയത്ത് നിസ്സഹായതയുടെ മറവിൽ വർഗീയ വേട്ട നടത്തിക്കൊണ്ടിരിക്കുന്നതിനെതിരെ രാജ്യം ഒറ്റക്കെട്ടായി മുന്നിട്ടിറങ്ങണം. മതേതര കക്ഷികളും മാധ്യമങ്ങളും എല്ലാം ഒന്നിച്ചു നിന്ന് ഈ മുസ്‌ലിം വേട്ടയെ ചെറുത്തുതോൽപിക്കണം.

ലോക് ഡൗൺ: വിസ്ഡം യൂത്ത് കർമപഥങ്ങളിലൂടെ

(ഓരോ പ്രോഗ്രാമിനെ കുറിച്ചും വിശദമായി മനസ്സിലാക്കാൻ സബ് ഹെഡിംഗിൽ ക്ലിക്ക് ചെയ്യുക)

നൂറ്റാണ്ട് കണ്ട ഏറ്റവും വലിയ മഹാമാരിയെ പ്രതിരോധിക്കാൻ നാടും നഗരവും വീട്ടിലേക്കൊതുങ്ങിയപ്പോൾ തടസ്സമില്ലാതെ പ്രബോധനവും സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളും നിർവഹിക്കാൻ യുവത പ്രതിജ്ഞാബദ്ധരായിരുന്നു. നിലവിലുള്ള വിപുലമായ ഓൺലൈൻ പ്ലാറ്റ്ഫോം അതിന് ഏറെ സഹായകമായി. പീസ് റേഡിയോ, സമീൽ ഓൺലൈൻ ലൈബ്രറി, വിസ്ഡം ഗ്ലോബൽ ടിവി, നേർവഴി, വഴിവിളക്ക്, ഫേസ്ബുക്ക് പേജുകൾ, വിസ്ഡം ഗൈഡ് തുടങ്ങിയ സൗകര്യങ്ങൾ ഈ സന്ദർഭത്തിൽ കാര്യക്ഷമമായും വ്യവസ്ഥാപിതമായും പ്രയോജനപ്പെടുത്താൻ സാധിച്ചു. കോവിഡിന്റെ മറവിൽ മതനിഷേധം പ്രചരിപ്പിക്കാനുണ്ടായ കുത്സിത ശ്രമങ്ങളെ പ്രതിരോധിക്കാനായി പ്രത്യേക കുറിപ്പുകളും വീഡിയോകളും ലഘു പ്രഭാഷണങ്ങളും സംഘടിപ്പിക്കാൻ സാധിച്ചു. വിസ്ഡം യൂത്തിന്റെ ലോക്ഡൗൺ പ്രവർത്തനങ്ങളിലൂടെ...

വിസ്ഡം യൂത്ത് ഔട്ട്ലുക്ക്

വിസ്ഡം യൂത്ത് ഓർഗനൈസേഷന്റെ ആഭിമുഖ്യത്തിൽ നടന്ന ഔട്ട്ലുക്ക് എന്ന പ്രോഗ്രാം മതനിരാസ പ്രവണതകളോട് ബൗദ്ധികമായ പ്രതിരോധം തീർക്കുന്നതായിരുന്നു.

വെബിനാർ

'കൊറോണ: നാളെയുടെ വർത്തമാനം' എന്ന വിഷയത്തിൽ സംഘടിപ്പിച്ച വെബിനാർ, വിവിധ മേഖലകളിൽ കോവിഡ് ഏൽപിക്കുന്ന പ്രത്യാഘാതങ്ങൾ അക്കാദമികമായി വിലയിരുത്തുന്നതായിരുന്നു.

Episteme Research Circle

വിവിധ ആനുകാലിക, ഭൗതിക വിഷയങ്ങളിലെ ഗവേഷണ ചിന്തകളും അറിവുകളും പങ്ക് വെക്കാൻ ഒരു തുറന്ന പ്ലാറ്റ്ഫോം എന്ന നിലക്കാണ് വിസ്ഡം യൂത്ത് റിസർച്ച് സർക്കിൾ 'Episteme' എന്ന പേരിൽ തുടക്കം കുറിച്ചത്. വ്യത്യസ്ത ഗവേഷണ മേഖലകളിലെ തുറന്ന ചർച്ചകൾക്ക് വേദിയൊരുക്കാൻ ഇതിനകം ഈ വിങ്ങിന് സാധിച്ചിട്ടുണ്ട്.

മെഡിക്കൽ ഹെൽപ് ഡസ്ക്

നൂറിൽപരം വിവിധ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തി ഓൺലൈനിലൂടെ ആയിരക്കണക്കിന് രോഗികൾക്ക് ആശ്വാസമേകി.

ഡി അഡിക്ഷൻ

മദ്യാസക്തരായവർക്ക് മോചനത്തിന് വഴി തെളിയിച്ച ഡി അഡിക്ഷൻ പദ്ധതിയും കുറേ കുടുംബങ്ങളുടെ കണ്ണുനീർ തുടയ്ക്കുവാൻ സഹായകമായി.

ദക്ഷിണ കേരള പ്രതിനിധി സംഗമം

പ്രബോധന രംഗത്ത് പ്രവർത്തന നൈരന്തര്യം ഉണ്ടാക്കിയെടുക്കുന്നതിനും ലോക്ഡൗൺ കാലത്ത് പ്രവർത്തനങ്ങൾ നിശ്ചലമാകാതിരിക്കാനും പ്രവർത്തകരെ സക്രിയരാക്കി മാറ്റുവാനും പ്രയോജനപ്പെടുന്ന തരത്തിൽ, ദക്ഷിണ കേരളത്തിലെ ജില്ലകളിലെ പ്രവർത്തകരുടെ സംഗമം സംഘടിപ്പിച്ചത് പ്രവർത്തകർക്ക് നവോന്മേഷം നൽകി.

അഹ്ലൻ റമദാൻ പ്രഭാഷണം

റമദാനിന്റെ മുന്നോടിയായി, സമുദായത്തിൽനിന്നുയർന്ന ആശങ്കകളെ അഭിസംബോധന ചെയ്തുകൊണ്ട് 'ലോക്ഡൗൺ കാലത്തെ റമദാൻ' എന്ന വിഷയത്തിൽ ബഹുമാന്യ പണ്ഡിതൻ ഹുസൈൻ സലഫി നടത്തിയ അഹ്ലൻ റമദാൻ പ്രഭാഷണം തൽസമയം പതിനായിരങ്ങൾ വീക്ഷിച്ചു.

പ്രേക്ഷകരുടെ എണ്ണം ലക്ഷങ്ങൾ കടന്നിട്ടുണ്ട്. പള്ളികൾ അടച്ച സാഹചര്യത്തിൽ റമദാൻ മാസം എന്തു ചെയ്യുമെന്നാലോചിച്ച് പകച്ചുനിൽക്കുന്ന സമൂഹത്തിന് ആശ്വാസവും പ്രതീക്ഷയും പകർന്നു നൽകുന്നതായിരുന്നു അദ്ദേഹത്തിന്റെ പ്രഭാഷണം.

ഫോക്കസ്

പ്രഹഷണലുകളെ ലക്ഷ്യം വെച്ചു കൊണ്ട് ഫോക്കസ് വിംഗിന്റെ നേതൃത്വത്തിൽ പ്രൊഡക്ടീവ് റമദാൻ എന്ന വിഷയത്തിൽ നടത്തിയ പ്രോഗ്രാമിലൂടെ റമദാനുമായ ബന്ധപ്പെട്ട സംശയങ്ങൾ ദൂരീകരിക്കാൻ സാധിച്ചു.

പി.എസ്.സി പരീക്ഷാ പരിശീലനം

വിവിധ പി.എസ്.സി പരീക്ഷകൾക്ക് തയ്യാറെടുക്കുന്നവർക്കായി ഓൺലൈൻ പി.എസ്.സി പരീക്ഷാ കോച്ചിംഗ് ക്ലാസുകൾ നടത്തി വന്നതും ശ്രദ്ധേയമായി. നൂറു കണക്കിന് പഠിതാക്കളാണ് മുൻകൂട്ടി രജിസ്റ്റർ ചെയ്ത് ഈ സംവിധാനം പ്രയോജനപ്പെടുത്തി വരുന്നത്.

റമദാൻ വിജ്ഞാന വേദി

റമദാനിൽ എല്ലാ ദിവസവും നടത്തിയ പ്രത്യേക പ്രഭാഷണങ്ങളിലൂടെ വിവിധ വിഷയങ്ങൾ സമൂഹത്തിലേക്ക് എത്തിക്കാൻ സഹായകമായി.

സ്നേഹസ്പർശം റിലീഫ്

ദിവസക്കൂലി കൊണ്ട് ദൈനംദിന ജീവിതം കഴിഞ്ഞു വരുന്നവർക്ക് ലോക്ക് ഡൗൺ സമയത്തുണ്ടായ പ്രയാസങ്ങൾ പറഞ്ഞറിയിക്കേണ്ടതില്ലല്ലോ. ഇരുപതിനായിരത്തിലധികം പേർക്ക് ഭക്ഷണ കിറ്റ് എത്തിച്ചുകൊണ്ട് സ്നേഹസ്പർശം പദ്ധതി മാതൃകയായി.

വെർച്വൽ സമ്മിറ്റ്

'ബദ്ർ: അതിജീവനത്തിന്റെ ആദർശ പാഠങ്ങൾ' എന്ന തലക്കെട്ടിൽ, ബദ്ർ ദിനത്തിന്റെ മുന്നോടിയായി വെർച്വൽ സമ്മിറ്റ് സംഘടിപ്പിച്ചു. ഹാഫിള് സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി നടത്തിയ പ്രഭാഷണം ബദ്ർ ദിനവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന അനാചാരങ്ങൾക്കെതിരെയുള്ള ശക്തമായ ബോധവൽക്കരണവും തെറ്റുധാരണകൾ തിരുത്തുന്നതിനുള്ള പ്രമാണബദ്ധമായ പാഠങ്ങളും ഉൾക്കൊള്ളുന്നതായിരുന്നു.

യുവപഥം

വ്യക്തി, കുടുംബ, സമൂഹ സംബന്ധമായ വിവിധ തലങ്ങളെ സ്പർശിച്ചുകൊണ്ട് നടത്തിയ യുവപഥം പ്രോഗ്രാം യുവാക്കൾക്ക് വെളിച്ചം നൽകുന്നതായി മാറി.

പ്രചരണ പോസ്റ്റുകൾ

ഖാറൂന്റെൻ മഹത്വവും പ്രവാചക തിരുമേനിയുടെ മാർഗനിർദേശവും ഇസ്‌ലാമിന്റെ ആരോഗ്യ മേഖലയെ കുറിച്ചുള്ള ബോധവൽക്കരണവും ഉൾപ്പെടുത്തിയ നിരവധി പോസ്റ്ററുകൾ പ്രസിദ്ധീകരിച്ചു സാമൂഹ്യ മാധ്യമങ്ങളിൽ വലിയ സ്വീകാര്യതയാണ് ലഭിച്ചത്.

Wisdom Islamic Youth Organization |
PV Swami Road | Chalappuram PO | CLT - 673002
www.wisdomislam.org | mail@wisdomyouth.org